NATIONAL
E-GOVERNANCE
AWARDS 2009-10



# കേരള സർക്കാർ
# ഹയർസെക്കൻഡറി വിദ്യാഭ്യാസ ഡയറക്ടറേറ്റ്

## ഏകജാലകപ്രവേശന സംവിധാനത്തിന് ദേശീയ പുരസ്കാരങ്ങൾ

### സി.എസ്.ഐ-നിഹിലന്റ് അവാർഡ്

രാജ്യത്തെ ഐ.ടി. പ്രഫഷണലുകളുടെ ഏറ്റവും വലിയ സംഘടനയാണ് കംപ്യൂട്ടർ സൊസൈറ്റി ഒഫ് ഇൻഡ്യ (സി.എസ്.ഐ.). പൂന ആസ്ഥാനമായുള്ള രാജ്യാന്തര കൺസൽട്ടിങ് കമ്പനിയാണ് നിഹിലന്റ്. വടക്കേ അമേരിക്ക, യൂറോപ്പ്, ആഫ്രിക്ക, മിഡിൽ ഈസ്റ്റ്, ഏഷ്യ തുടങ്ങിയവയാണ് നിഹിലന്റിന്റെ പ്രവർത്തനമേഖലകൾ. മെച്ചപ്പെട്ട ഭരണം കാഴ്ചവെക്കാനുള്ള വിവിധ രാജ്യങ്ങളിലെ ഗവൺമെന്റുകളുടെ പ്രവർത്തനങ്ങളെ നിഹിലന്റ് പ്രോൽസാഹിപ്പിക്കുകയും ആ പ്രവർത്തനങ്ങളിൽ പങ്കാളിയാവുകയും ചെയ്യുന്നു. സി.എസ്.ഐ.യും നിഹിലന്റും ചേർന്നാണ് രാജ്യത്തെ മികച്ച ഇ-ഗവേണൻസ് സംരംഭങ്ങൾ കണ്ടെത്തുന്നതിനുള്ള അവാർഡ് ഏർപ്പെടുത്തിയിട്ടുള്ളത്. മികച്ച സംസ്ഥാനം, മികച്ച സർക്കാർ വകുപ്പ്, മികച്ച ജില്ല, മികച്ച പ്രോജക്റ്റ് എന്നിങ്ങനെ നാല് കാറ്റഗറികളിലായാണ് അവാർഡുകൾ നൽകുന്നത്. മികച്ച പ്രോജക്റ്റിൽ തന്നെ, സർക്കാരിൽ നിന്നും ജനങ്ങൾക്ക് നേരിട്ട് ലഭിക്കുന്ന സേവനങ്ങൾ, സർക്കാർ ഓഫീസുകൾ തമ്മിലുള്ള വിനിമയങ്ങൾ സുഗമമാക്കൽ, ഉദ്യോഗസ്ഥർക്കുവേണ്ടി സർക്കാർ ചെയ്യുന്ന സേവനങ്ങൾ ഇങ്ങനെയുള്ള ഉപവിഭാഗങ്ങളുമുണ്ട്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട, സർക്കാരിൽ നിന്നും ജനങ്ങൾക്ക് നേരിട്ട് ലഭിക്കുന്ന സേവനങ്ങൾ (ഗവൺമെന്റ് ടു സിറ്റിസൻ) കാറ്റഗറിയിലാണ് ഏകജാലകപ്രവേശനസംവിധാനത്തിന് അംഗീകാരം ലഭിച്ചത്. ഒക്ടോബർ 9ന് പൂനെയിൽ നടന്ന ചടങ്ങിൽ ഹയർസെക്കൻഡറി ഡയറക്ടർ അവാർഡ് ഏറ്റുവാങ്ങി.




NATIONAL E-GOVERNANCE
AWARDS 2008-09
CSI-NIHILENT






### നാഷണൽ ഇ-ഗവേണൻസ് അവാർഡ്-2009-10

ഹയർസെക്കൻഡറി പ്രവേശനത്തിനായി സംസ്ഥാനസർക്കാർ നടപ്പിലാക്കിയ ഏകജാലകസംവിധാനത്തിന് കേന്ദ്രസർക്കാർ പുരസ്കാരം. കേന്ദ്രസർക്കാരിന്റെ വിവരസാങ്കേതികവകുപ്പും ഭരണനവീകരണവകുപ്പും ചേർന്നാണ് മികച്ച ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്ക് അവാർഡ് ഏർപ്പെടുത്തിയത്. രാജ്യത്തെ വിവിധ വിദ്യാഭ്യാസവകുപ്പുകളുടെ പ്രവർത്തനങ്ങളാണ് ഈ വർഷം അവാർഡ്സമിതി വിലയിരുത്തിയത്. ഹയർസെക്കൻഡറി ഏകജാലകപ്രവേശനസംവിധാനത്തിന് ഇത് രണ്ടാംതവണയാണ് ദേശീയതലത്തിൽ അംഗീകാരം ലഭിക്കുന്നത്. ഫെബ്രുവരി 18ന് ജയ്പൂരിൽ നടന്ന അവാർഡ്ദാനച്ചടങ്ങിൽ രാജസ്ഥാൻ ഗവർണർ പ്രഭാറാവുവിൽ നിന്നും ഹയർസെക്കൻഡറി ഡയറക്ടർ സി.പി.ചിത്ര അവാർഡ് ഏറ്റുവാങ്ങി.